## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **24-08-2022 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. നികുതി നിർണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോൾസെയിൽ വ്യാപാരികൾ റീട്ടെയിൽ വ്യാപാരികളിൽ നിന്ന് പിരിച്ച വില്പന നികുതിയുടെ ബില്ലുകൾ ജി.എസ്.ടി.യുടെ സൈറ്റിൽ ലഭ്യമല്ല എന്ന കാരണത്താൽ ഇൻപുട്ട് നിരസിക്കുകയും ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം വ്യാപാരികൾ ആവശ്യപ്പെടുന്ന വിശദാംശങ്ങൾക്ക് അവ്യക്തമായ മറുപടി നൽകുകയും അവർക്ക് സമൻസ് നൽകി ജി.എസ്.ടി. ഉദ്യോഗസ്ഥർ വ്യാപാരികളെ പീഡിപ്പിക്കുകയും ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി. ഉദ്യോഗസ്ഥർ ഇത്തരത്തിൽ വ്യാപാരികളെ പീഡിപ്പിക്കുന്നുവെന്ന പരാതി വകുപ്പിന്റെ ശ്രദ്ധയിപ്പെട്ടിട്ടില്ല. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ അധിഷ്ഠിതമായ ജി.എസ്.ടി. യിൽ വ്യത്യസ്തവും നൂതനവുമായ രീതികളിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ഇതിൽ കൂടുതലും ITC സംബന്ധമായ നികുതി വെട്ടിപ്പുകളാണ്. ജി.എസ്.ടി. സംവിധാനത്തിൽ രജിസ്ട്രേഷൻ പ്രക്രിയ ലളിതമാക്കിയത് ഇത്തരം നികുതി വെട്ടിപ്പുകൾക്കുള്ള സാധ്യത കൂട്ടുന്നു. ജി.എസ്.ടി. നിയമപ്രകാരം ഒരു നികുതിദായകന് അർഹതപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണക്കാക്കുന്നത് ചില നിബന്ധനകൾക്ക് വിധേയമായാണ്. ഒരു രജിസ്റ്റേർഡ് വ്യാപാരി അയാൾ നൽകിയിട്ടുള്ള ഇൻവോയ്സുകളുടെയും ഡെബിറ്റ് നോട്ടുകളുടെയും വിവരം ഇ- ഫയൽ ചെയ്യാത്ത സാഹചര്യത്തിൽ അത്തരം ഇൻവോയ്സുകളുടെയും ഡെബിറ്റ് നോട്ടുകളുടെയും അടിസ്ഥാനത്തിലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ചരക്കോ സേവനമോ വാങ്ങിയ വ്യക്തിക്ക് ലഭ്യമാകുന്നതല്ല. ജി.എസ്.ടി. നിയമത്തിന് വിരുദ്ധമായി ഉദ്യോഗസ്ഥർ വ്യാപാരികളുടെ മേൽ നടപടി കൈക്കൊണ്ടതായുള്ള പരാതികൾ ലഭ്യമാകുന്ന പക്ഷം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | ജി.എസ്.ടി. നികുതി നിർണയ ഉത്തരവുകളിൽ വ്യാപാരികളുടെ വാദം കൃത്യമായി പരാമർശിക്കാതെയും മറുപടികൾ സ്വീകാര്യമല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാതെയും നികുതി നിർണയം നടത്തുന്നത് വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിശോധിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും | (ബി) | ജി.എസ്.ടി. നിയമപ്രകാരം അഡ്ജുഡിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട നോട്ടീസുകൾ നൽകുന്നതിനും മറുപടി സ്വീകരിക്കുന്നതിനും അഡ്ജുഡിക്കേഷൻ പൂർത്തിയാക്കുന്നതിനും ഉള്ള സമയക്രമം വ്യക്തമായി നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ അഡ്ജുഡിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ട രീതിയെ സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ |

| | | | |
|---|---|---|---|
| | നിർദ്ദേശം ജി.എസ്.ടി. വകുപ്പിന് നൽകുമോ; വ്യക്തമാക്കുമോ ; | | വകുപ്പ് പ്രോപ്പർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ഉദ്യോഗസ്ഥർ വ്യാപാരികളുടെ മേൽ നടപടി കൈക്കൊണ്ടതായുള്ള പരാതികൾ ലഭ്യമാകുന്ന പക്ഷം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | ജി.എസ്.ടി. നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് വകുപ്പിലെ നികുതി നിർണയ അധികാരികൾക്ക് എന്തെങ്കിലും പരിശീലനങ്ങളും പരീക്ഷയും നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ടവർ ഏതെങ്കിലും അസസ്മെന്റ് സർക്കിൾ ഓഫീസുകളിൽ ജോലിചെയ്യുന്നുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ? | (സി) | ജി.എസ്.ടി. നിയമത്തിലെ അവഗാഹം അളക്കുന്നതിനുള്ള പൂർണമായ പരീക്ഷ ഇതുവരെ വകുപ്പ് നടത്തിയിട്ടില്ല. 2021 ആഗസ്റ്റിൽ ബഹു. ധനമന്ത്രി ഉൽഘാടനം ചെയ്ത വിശദമായ പരിശീലന പരിപാടി വകുപ്പിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിശീലന പദ്ധതിയുടെ ഭാഗമായി വകുപ്പിലെ വ്യത്യസ്ത ശാഖകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ ശാഖയിലെയും മറ്റ് ശാഖകളിലെ പ്രവർത്തനങ്ങളിലും പരിശീലനം നൽകിവരുന്നു. പരിശീലന പദ്ധതിയുടെ ഭാഗമായി, പുതിയ പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഇപ്പോൾ നടത്തുന്ന പരിശീലനം അവലോകനം ചെയ്യുന്നതിനും ഉള്ള സംവിധാനമുണ്ട്. ഈ അവലോകന സംവിധാനത്തിൽ ജി.എസ്.ടി. നിയമത്തിലെ വിവിധ വിഷയങ്ങളിൽ ഓൺലൈൻ പരീക്ഷകൾ ഉൾപ്പെടെയുള്ള വിവിധങ്ങളായ മാർഗങ്ങൾ അവലംബിച്ചുവരുന്നു. പ്രസ്തുത അവലോകന സംവിധാനം പുതിയ പരിശീലനപദ്ധതി ആവിഷ്കരിക്കാൻ മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.<br><br>2022 ഓഗസ്റ്റ് 02 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 55/2022/നികുതി പ്രകാരം ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന സർക്കാർ നടപ്പിലാക്കിവരുന്നു. ഇതിൽ ജീവനക്കാർക്ക് തുടർച്ചയായ പരിശീലനം നൽകുന്നതിനും ജീവനക്കാരുടെ പരിശീലന വിവരങ്ങളടങ്ങിയ ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുന്നു. പുനഃസംഘടന ഉത്തരവ് പ്രകാരം ഉന്നത ഉദ്യോഗസ്ഥ തലത്തിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിനും ഇത്തരം അവലോകനം ഉൾപ്പെടുത്തിക്കൊണ്ടുള്ള മാനദണ്ഡം തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ